## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2313. 13.02.2013 ൽ മറുപടിയ്ക്ക്

<u>കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം</u>

| <u>ചോദ്യം</u><br>ശ്രീ. സി.പി.മുഹമ്മദ്<br>,, റ്റി .എൻ.പ്രതാപൻ<br>,, വി.ഡി.സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം ആദ്യമായി കോഴിക്കോട് ചേവായൂരിൽ 2011-12 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുകയുണ്ടായി. കണ്ണൂരിലെ ഇളയാവൂരിൽ മറ്റൊരു സെന്ററിന്റെ നിർമ്മാണ ജോലി പൂർത്തിയായി വരികയാണ്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലെ അഴിമതികൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; | (ബി) & (സി) | ഇത്തരം ആധുനിക സംവിധാനം ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ സുതാര്യവും സാങ്കേതിക മികവുള്ളതുമാക്കും. അതു വഴി ഡ്രൈവിംഗ് ലൈസൻസ് നല്കുന്നതിലെ അഴിമതിയും, ആക്ഷേപങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനും, ഡ്രൈവിംഗ് സ്കൂളുകളുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2012 -13 സാമ്പത്തിക വർഷത്തിൽ മൂന്നു സെന്ററുകൾ സ്ഥാപിക്കുന്നതിനു പദ്ധതി ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.